**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.732        11.06.2014-ൽ മറുപടിക്ക്**

**ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.എഫ്.തോമസ്**<br>**,, റ്റി.യു.കുരുവിള**<br>**,, തോമസ് ഉണ്ണിയാടൻ**<br>**,, മോൻസ് ജോസഫ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി വഴി എത്ര ഡോക്ടർമാരെ നിയമിച്ചു; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി വഴി ആരോഗ്യ വകുപ്പിൽ 2,543 (രണ്ടായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി മൂന്ന്) ഡോക്ടർമാരേയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 260 (ഇരുന്നൂറ്റി അറുപത്) ഡോക്ടർമാരേയും, ഭാരതീയ ചികിത്സാ വകുപ്പിൽ 122 (നൂറ്റി ഇരുപത്തി രണ്ട്) ഡോക്ടർമാരേയും ഹോമിയോപ്പതി വകുപ്പിൽ 176 (നൂറ്റി എഴുപത്തി ആറ്) ഡോക്ടർമാരേയും നിയമിച്ചു. |
| (ബി)ബന്ധപ്പെട്ട പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ എല്ലാവരും നിയമിതരായോ; | (ബി) ആരോഗ്യ വകുപ്പിൽ നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ഇപ്പോഴും നിയമനം നൽകിവരുന്നുണ്ട്. |
| (സി)സംസ്ഥാനത്തെ ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്; | (സി) ആരോഗ്യ വകുപ്പിൽ 583 (അഞ്ഞൂറ്റി എൺപത്തി മൂന്ന്) ഡോക്ടർമാരുടേയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 369 (മുന്നൂറ്റി അറുപത്തി ഒൻപത്) ഡോക്ടർമാരുടേയും, ഭാരതീയ ചികിത്സാ വകുപ്പിൽ 46 (നാൽപത്തി ആറ്) ഡോക്ടർമാരുടേയും ഹോമിയോപ്പതി വകുപ്പിൽ 55 (അൻപത്തി അഞ്ച്) ഡോക്ടർമാരുടേയും ഒഴിവുകൾ നിലവിലുണ്ട്. |
| (ഡി) ഈ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) ഉണ്ട്. |

Sobha

സെക്ഷൻ ഓഫീസർ